*12.03.2009*

*നാലാഞ്ചിറ*

## നവാഭിഷിക്തരായ ഏഴു മെത്രാപ്പോലീത്താമാർക്ക് ആശംസ

നവാഭിഷിക്തരായ അഭിവന്ദ്യ പിതാക്കന്മാർക്ക് ആശംസകൾ നേരുവാനാണല്ലോ നാം ഇവിടെ സമ്മേളിച്ചിരിക്കുന്നത്. ആശംസയെന്നു പറയുമ്പോൾ ഞാൻ മനസ്സിലാക്കുന്നത് നല്ലതുവരട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ്.

മെത്രാപ്പോലിത്താമാർ എന്ന നിലയിൽ ഇവർ ഏറ്റെടുക്കുന്നത് ഇടയധർമ്മമാണല്ലോ. ഇവർക്ക് നല്ലതുവരട്ടെ എന്നാണ് നാം ആഗ്രഹിക്കുന്നത്. തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന അജഗണത്തെ ദൈവത്തിലേയ്ക്കും ദൈവരാജ്യത്തിലേയ്ക്കും നയിക്കുവാൻ വേണ്ട വെളിച്ചവും ശക്തിയും കൃപയും ദൈവം ഇവർക്ക് സമൃദ്ധമായി നൽകട്ടെ. ഇതാണ് ഈ ഏഴു മെത്രാപ്പോലീത്താമാർക്കും വേണ്ടിയുള്ള എന്റെ ആശംസയും പ്രാർത്ഥനയും.

അജഗണത്തെ ദൈവത്തിലേയ്ക്കും ദൈവരാജ്യത്തിലേയ്ക്കും നയിക്കുവാൻ അടിസ്ഥാനപരമായി എന്താണ് ആവശ്യമായിരിക്കുന്നത് എന്നു ഞാൻ ചിന്തിക്കുകയായിരുന്നു. എന്നോടു ക്ഷമിക്കുക. ഈ മെത്രാപ്പോലീത്തമാരെ ഉപദേശിക്കുവാൻ വേണ്ട പ്രായവും പക്വതയും എനിക്കുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും ഒരു മെത്രാനെന്ന നിലയിൽ ഏതാണ്ട് ഇരുപതുകൊല്ലത്തെ എന്റെ അനുഭവത്തിൽ നിന്ന് ഒന്നു രണ്ടു ചിന്തകൾ പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അമേരിക്കയിലെ സുപ്രസിദ്ധനായ വാഗ്മിയും ഗ്രന്ഥകർത്താവുമായ ഫുൾട്ടൺ ജെ. ഷീൻ എന്ന ആർച്ച് ബിഷപ്പിനെക്കുറിച്ചു നിങ്ങൾ കേട്ടിരിക്കും. ഒരിക്കൽ അദ്ദേഹം ഒരു വലിയ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കാൻ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങി. അടുത്തുള്ള ഒരു ടൗൺ ഹാളിൽ വച്ചായിരുന്നു സമ്മേളനം. എന്നാൽ അവിടേക്കുള്ള വഴി അദ്ദേഹത്തിന് നിശ്ചയമില്ലായിരുന്നു. ഒരു ബാലനോട് അദ്ദേഹം വഴി ചോദിച്ചു. ബാലൻ അദ്ദേഹത്തോടൊപ്പം വഴികാണിക്കാനായി ടൗൺ ഹാൾ വരെ പോകാമെന്നു സമ്മതിച്ചു. ബിഷപ്പ് പ്രസംഗിക്കുവാനാണ് പോകുന്നതെന്ന് മനസ്സിലാക്കിയ ബാലൻ പ്രസംഗവിഷയമെന്താണെന്ന് ചോദിച്ചു. ബാലനു മനസ്സിലാകുന്ന ഭാഷയിൽ അദ്ദേഹം പറഞ്ഞു: ''സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി'' എന്നതാണ് പ്രസംഗവിഷയം. ഇതുകേട്ട ബാലൻ ഉറക്കെ പൊട്ടിച്ചിരിച്ചു. കാരണമെന്തെന്ന് ചോദിച്ചപ്പോൾ ബാലൻ നൽകിയ മറുപടി ഇതാണ്: ''ടൗൺ ഹാളിലേയ്ക്കുള്ള വഴി അറിയാത്ത നിങ്ങളാണോ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കാൻ പോകുന്നത്!''

സുവിശേഷം പ്രഘോഷിക്കുകയാണ് ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്ന പ്രധാന ദൗത്യം. യേശു പ്രസംഗിച്ച സുവിശേഷത്തിന്റെ സാരാംശമിതാണ്: ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു.'' ഇടയന്മാരെന്ന നിലയിൽ അജഗണത്തിന് ദൈവരാജ്യത്തിലേയ്ക്കുള്ള വഴികാണിച്ചു കൊടുക്കാനുള്ളവരാണ് ഞങ്ങൾ. എന്നാൽ ഞങ്ങളാരും സ്വർഗ്ഗരാജ്യത്തിൽ നിന്നും വന്നവരല്ല. അതുകൊണ്ടുതന്നെ സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള വഴി ഞങ്ങൾക്കറിയാമെന്ന് തീർത്തും പറയാനാവില്ല. എന്നാൽ സ്വർഗ്ഗരാജ്യത്തിൽ നിന്നും വന്നവനുണ്ട്. അവനു സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള വഴി നന്നായറിയാം. യേശു പറഞ്ഞു: ''ഞാൻ വഴിയും സത്യവും ജീവനുമാകുന്നു.'' ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ ആ ബാലനോടൊത്തു സഞ്ചരിച്ചപ്പോൾ ആ ബാലൻ അദ്ദേഹത്തിന് വഴിയായിത്തീർന്നതുപോലെ യേശുവിനോടൊത്തു സഞ്ചരിക്കുമ്പോൾ സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള വഴി അറിയാനും ആ വഴി മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കാനും

സാധിക്കുന്നു. എത്രത്തോളം യേശുവിന്റെ ചൈതന്യം കൊണ്ടു ഞങ്ങൾ നിറയുന്നുവോ, എത്രത്തോളം ഞങ്ങൾ യേശുവിന് അനുരൂപരായിത്തീരുന്നുവോ അത്രത്തോളം സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കുവാൻ ഇടയ ധർമ്മം വിശ്വസ്തതയോടെ അനുഷ്ഠിക്കുവാൻ ഞങ്ങൾക്കു കഴിയും.

അതുകൊണ്ട് ഇടയന്മാരെന്ന നിലയിൽ നൂറുകൂട്ടം കാര്യങ്ങൾ ചെയ്യുന്നതല്ല പ്രധാനം, യേശുവിനോടു കൂടെ ആയിരിക്കുന്നതും യേശുവിനോടൊപ്പം സഞ്ചരിക്കാൻ കഴിയുന്നതുമാണ് പ്രധാനം. തന്നോടൊപ്പമായിരിക്കാനും സുവിശേഷം പ്രസംഗിക്കുവാനുമാണ് യേശു ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നത്. ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന സുവിശേഷം പ്രഘോഷിക്കണമെങ്കിൽ, ദൈവരാജ്യത്തിലേയ്ക്കുള്ള വഴികാണിച്ചു കൊടുക്കുവാൻ ഞങ്ങൾക്ക് സാധിക്കണമെങ്കിൽ ഞങ്ങൾ എപ്പോഴും യേശുവിനോട് കൂടെയായിരിക്കുന്നവരും അവിടത്തോടൊപ്പം സഞ്ചരിക്കുന്നവരുമായിരിക്കണം.

പലപ്പോഴും ഞങ്ങൾ മെത്രാന്മാർ നൂറുകൂട്ടം കാര്യങ്ങളെക്കുറിച്ചു ചിന്തിച്ച് വ്യഗ്രചിത്തരാണ്. ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്നത്. പലപ്പോഴും സുവിശേഷത്തിലെ മർത്തായെപ്പോലെ പരാതിപറയുന്ന ഞങ്ങൾക്ക് യേശുതരുന്ന ഉപദേശവും മർത്തായ്ക്ക് നൽകിയ ഉപദേശം തന്നെയാണ്: ''മർത്താ, മർത്താ, നീ പലതിനെക്കുറിച്ചും ഉൽക്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നു മാത്രമേ ആവശ്യമുള്ളൂ. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല'' (ലൂക്കാ. 11, 41-42).

സർവ്വോപരി യേശുവിന്റെ കൂടെ ആയിരിക്കുന്നതാണ്, ഇടയന്മാരായ ഞങ്ങളുടെ ആശ്വാസത്തിന്റെയും ശക്തിയുടെയും സ്രോതസ്സ്. ഗീതാഞ്ജലിയിലെ ടാഗോറിന്റെ മനോഹരമായ ഒരു പ്രാർത്ഥനയുടെ ഈരടികൾ ഇപ്രകാരമാണ്: ''I ask for a moments' indulgence to sit by thy side. The works I have in hand, I will finish afterwards.'' യേശുവിനോടൊപ്പം ആയിരിക്കുകയും സഞ്ചരിക്കുകയും ചെയ്തുകൊണ്ട് അജഗണത്തിന് സ്വർഗ്ഗതിതലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കുവാൻ ഈ മെത്രാപ്പോലീത്താമാർക്ക് കഴിയട്ടെ. ഇതാണ് എന്റെ പ്രാർത്ഥനയും ആശംസയും.